"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി.സൗദ.സി.എം-ന്റെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ - അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.484/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/02/2020

---

പരാമർശം:- 1 10.05.2013 -ലെ 42/2013/ധന നം. സർക്കുലർ

2 28.11.2013 -ലെ സ.ഉ.(പി)നം. 580/2013/ധന.

3 30.01.2015-ലെ സ.ഉ(സാധാ)നം.295/2015/തസ്വഭവ

4 11.08.2016-ലെ സ.ഉ(സാധാ)നം.2416/2016/തസ്വഭവ

5 01.08.2017-ലെ സ.ഉ(സാധാ)നം.2652/2017/തസ്വഭവ

6 28.05.2019-ലെ സ.ഉ(സാധാ)നം.1069/2019/തസ്വഭ

7 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.07.2019-ലെ 2941/ഇ/2007/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി. സൗദ.സി.എം-നെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(6)പ്രകാരം ടിയാരിയുടെ അന്യത്രസേവനം 01/02/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടി അന്യത്രസേവന കാലാവധി 01/02/2019 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 02/02/2019 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (7)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീമതി. സൗദ.സി.എം-ന്റെ കുടുംബശ്രീ കാസർഗോഡ് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം -1 ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും

മാനദണ്ഡങ്ങൾക്കും വിധേയമായി 02/02/2019 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**നന്ദന ആർ പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡയറക്ടർ മുഖേന)
ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ